## മധുരമായ കുട്ടികളേ - കുട്ടിക്കരണം മറിയുന്ന കളിയെ ഓർമ്മിക്കൂ, ഈ കളിയിൽ മുഴുവൻ ചക്രത്തിന്റെയും, ബ്രഹ്മാവിന്റെയും ബ്രാഹ്മണരുടെയും രഹസ്യം അടങ്ങിയിട്ടുണ്ട്

**ചോദ്യം:-** സംഗമയുഗത്തിൽ ബാബയിൽ നിന്നും ഏതൊരു സമ്പത്താണ് എല്ലാ കുട്ടികൾക്കും പ്രാപ്തമാകുന്നത്?

**ഉത്തരം:-** ഈശ്വരീയ ബുദ്ധിയുടെ. ഈശ്വരനിൽ എന്തെല്ലാം ഗുണങ്ങളാണോ ഉള്ളത് അത് നമുക്ക് സമ്പത്തിന്റെ രൂപത്തിൽ നൽകുന്നു. ഇപ്പോൾ നമ്മുടെ ബുദ്ധി വജ്രസമാനം പവിഴമായിത്തീരുകയാണ്. ഇപ്പോൾ നമ്മൾ ബ്രാഹ്മണരായി ബാബയിൽ നിന്നും വളരെ ഭാരിച്ച ഖജനാവ് നേടിക്കൊണ്ടിരിക്കുകയാണ്. സർവ്വഗുണങ്ങളാലും തന്റെ സഞ്ചി നിറച്ചുകൊണ്ടിരിക്കുകയാണ്.

**ഓംശാന്തി.** ഇന്ന് സദ്ഗുരുവിന്റെ ദിവസമാണ്, ബൃഹസ്പതിയുടെ ദിവസമാണ്. ദിവസങ്ങളിലും ചിലത് ഉത്തമ ദിവസങ്ങളാണ്. ബൃഹസ്പതിയുടെ ദിനത്തെ ഉയർന്നതാണെന്നു പറയാറുണ്ടല്ലോ. ബൃഹസ്പതി അർത്ഥം വൃക്ഷപതിയുടെ ദിവസത്തിൽ സ്കൂളിൽ അഥവാ കോളേജിൽചേരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ബീജരൂപൻ ബാബയാണ്, ബാബ അകാലമൂർത്തിയാണ്. അകാലമൂർത്തിയായ ബാബയുടെ കുട്ടികളും അകാലമൂർത്തിയാണ്. എത്ര സഹജമാണ്. ഓർമ്മയുടെ കാര്യത്തിൽ മാത്രമാണ് പ്രയത്നം. ഓർമ്മയിലൂടെ മാത്രമാണ് വികർമ്മം നശിക്കുന്നത്. നിങ്ങൾ പതിതത്തിൽ നിന്നും പാവനമാകുന്നു. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ കുട്ടികളുടെ മേൽ അവിനാശിയായ പരിധിയില്ലാത്ത ദശയാണ്. ഒന്ന് പരിധിയ്ക്കുള്ളിലുള്ള ദശയാണ് മറ്റൊന്ന് പരിധിയില്ലാത്ത ദശയും. ബാബ വൃക്ഷപതിയാണ്. വൃക്ഷത്തിൽ നിന്നും ആദ്യമായുണ്ടാകുന്നത് ബ്രാഹ്മണരാണ്. ബാബ പറയുന്നു ഞാൻ വൃക്ഷപതി സത്-ചിത്ത്-ആനന്ദ സ്വരൂപനാണ്. പിന്നീട് മഹിമയും പാടുന്നു ജ്ഞാനത്തിന്റെ സാഗരൻ, ശാന്തിയുടെ സാഗരൻ... നിങ്ങൾക്കറിയാം സത്യയുഗത്തിൽ ദേവീദേവതകൾ എല്ലാവരും ശാന്തിയുടെയും പവിത്രതയുടെയും സാഗരമാണ്. ഭാരതം സുഖ-ശാന്തി പവിത്രതയുടെ സാഗരമായിരുന്നു. വിശ്വത്തിൽ ശാന്തിയുടെ സമയം എന്ന് അപ്പോഴാണ് പറഞ്ഞിരുന്നത്. നിങ്ങൾ ബ്രാഹ്മണരാണ്. വാസ്തവത്തിൽ നിങ്ങളും അകാലമൂർത്തിയാണ്, ഓരോരോ ആത്മാവും തന്റെ സിംഹാസനത്തിൽ വിരാജിതനായിരിക്കുകയാണ്. ഇതെല്ലാം തന്നെ ചൈതന്യമായ അകാല സിംഹാസനമാണ്. ഭൃകുടി മദ്ധ്യത്തിൽ അകാലനായ ആത്മാവാണ് വിരാജിതനായിരിക്കുന്നത്. ഇതിനെ നക്ഷത്രമെന്നു പറയുന്നു. വൃക്ഷപതിയായ ബീജരൂപനെ ജ്ഞാനത്തിന്റെ സാഗരൻ എന്നു പറയുന്നു, അപ്പോൾ തീർച്ചയായും ബാബയ്ക്ക് വരേണ്ടതായുണ്ട്. ആദ്യമാദ്യം ബ്രാഹ്മണർ ആവശ്യമാണ്, ബ്രഹ്മാവിന്റെ ദത്തെടുക്കപ്പെട്ട കുട്ടികൾ. അപ്പോൾ തീർച്ചയായും മമ്മയും ആവശ്യമാണ്. നിങ്ങൾ കുട്ടികൾക്ക് വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട്.കരണം മറിയുന്ന കളിയുണ്ടല്ലോ, അതിന്റെയും അർത്ഥം മനസ്സിലാക്കി തന്നിട്ടുണ്ട്. ബീജരൂപൻ ശിവബാബയാണ്, പിന്നീടാണ് ബ്രഹ്മാവ്. ബ്രഹ്മാവിലൂടെയാണ് ബ്രാഹ്മണരെ രചിക്കുന്നത്. ഈ സമയം നിങ്ങൾ പറയുന്നു ഞങ്ങൾ ബ്രാഹ്മണരിൽ നിന്ന് ദേവതകളാകുന്നവരാണ്. ആദ്യം നിങ്ങൾ ശൂദ്ര ബുദ്ധികളായിരുന്നു. ഇപ്പോൾ ബാബ വീണ്ടും പുരുഷോത്തമ ബുദ്ധിയുള്ളവരാക്കി മാറ്റുന്നു. വജ്ര സമാനം പവിഴ ബുദ്ധിയുള്ളവരാക്കി മാറ്റുന്നു. ഈ കുട്ടിക്കരണം മറിയുന്ന കളിയുടെ രഹസ്യവും മനസ്സിലാക്കിത്തരുന്നു. ശിവബാബയുമുണ്ട്, പ്രജാപിതാവായ ബ്രഹ്മാവും ദത്തെടുക്കപ്പെട്ട കുട്ടികളും മുന്നിലിരിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾ എത്ര വിശാല ബുദ്ധികളായാണ് മാറിയിരിക്കുന്നത്. ബ്രാഹ്മണനിൽ നിന്നും ദേവതയായി മാറുന്നു. ഇപ്പോൾ നിങ്ങൾ ഈശ്വരീയ ബുദ്ധിയുള്ളവരായിത്തീരുന്നു, എന്താണോ ഈശ്വരനിലുള്ള ഗുണം അത് നിങ്ങൾക്ക് സമ്പത്തിന്റെ രൂപത്തിൽ ലഭിക്കുന്നു. മനസ്സിലാക്കി കൊടുക്കുന്ന സമയത്തും ഇത് പറഞ്ഞു കൊടുക്കാൻ മറക്കരുത്. ജ്ഞാനസാഗരനായ ബാബയാണ് നമ്പർവൺ. ബാബയെ ജ്ഞാനേശ്വരൻ എന്നു പറയുന്നു. ജ്ഞാനം കേൾപ്പിക്കുന്ന ഈശ്വരൻ. ജ്ഞാനത്തിലൂടെ സദ്ഗതി ഉണ്ടാകുന്നു. ജ്ഞാന-യോഗത്തിലൂടെയാണ് പതിതരെ പാവനമാക്കുന്നത്. ഭാരതത്തിലെ പ്രാചീന രാജയോഗം വളരെയധികം പ്രശസ്തമാണ് കാരണം ഇതിലൂടെയാണ് കലിയുഗത്തിൽ നിന്നും സ്വർണ്ണിമയുഗമായിത്തീർന്നത്. ഇത് മനസ്സിലാക്കി തന്നിട്ടുണ്ട്, രണ്ടു പ്രകാരത്തിലുള്ള യോഗങ്ങളുണ്ട് - അത് ഹഠയോഗമാണ്, ഇത് രാജയോഗമാണ്. അത് പരിധിയുള്ളതാണ്, ഇത് പരിധിയില്ലാത്തതാണ്. അവർ പരിധിയുള്ള സന്യാസിമാരാണ്, നിങ്ങൾ പരിധിയില്ലാത്ത സന്യാസിമാരും. അവർ വീടും കുടുംബവും ഉപേക്ഷിക്കുന്നു, നിങ്ങൾ മുഴുവൻ ലോകത്തെയും സന്യസിക്കുന്നു. ഇപ്പോൾ നിങ്ങൾ പ്രജാപിതാവായ ബ്രഹ്മാവിന്റെ സന്താനമാണ്, ഇത് പുതിയ ചെറിയൊരു വൃക്ഷമാണ്. നിങ്ങൾക്കറിയാം പഴയതിൽ നിന്നും പുതിയതാവുകയാണ്. തൈ നട്ടു കൊണ്ടിരിക്കുകയാണ്. നമ്മൾ കുട്ടിക്കരണം മറിയുന്ന കളിയാണ് കളിക്കുന്ന

ത്. നമ്മൾ തന്നെയാണ് ബ്രാഹ്മണരും നമ്മൾ തന്നെയാണ് ദേവതകളും. ഈ *തന്നെ* എന്ന വാക്ക് തീർച്ചയായും വയ്ക്കണം. നമ്മൾ തന്നെയാണ് ശൂദ്രന്മാരും നമ്മൾ തന്നെയാണ് ബ്രാഹ്മണരായിത്തീരുന്നതും. ഈ കുട്ടിക്കരണം മറിയുന്ന കളി ഒരിക്കലും മറക്കരുത്. ഇത് വളരെ സഹജമാണ്. ചെറിയ കുട്ടികൾക്കു പോലും മനസ്സിലാക്കാൻ സാധിക്കുന്നു. നമ്മൾ എങ്ങനെ 84 ജന്മങ്ങൾ എടുക്കുന്നു. ഏണിപ്പടി എങ്ങനെ താഴേക്ക് ഇറങ്ങുന്നു. പിന്നീട് ബ്രാഹ്മണരായി കയറുന്നു. ബ്രാഹ്മണനിൽ നിന്ന് ദേവതയായിമാറുന്നു.

ഇപ്പോൾ ബ്രാഹ്മണനായി വളരെയധികം ഉയർന്ന ഖജനാവ് നേടിക്കൊണ്ടിരിക്കുകയാണ്. സഞ്ചി നിറച്ചു കൊണ്ടിരിക്കുകയാണ്. ജ്ഞാന സാഗരൻ എന്ന് ശങ്കരനെയല്ല പറയുന്നത്. ശങ്കരൻ ഒരിക്കലും സഞ്ചി നിറയ്ക്കുന്നില്ല, ഇതെല്ലാം തന്നെ കലാകാരന്മാർ ഉണ്ടാക്കിയിട്ടുള്ളതാണ്. അല്ലാതെ ശങ്കരന്റെ കാര്യമല്ല. ഈ വിഷ്ണുവും ബ്രഹ്മാവും ഇവിടെയുള്ളതാണ്. ലക്ഷ്മി–നാരായണന്റെസംയുക്ത രൂപമാണ് മുകളിൽ കാണിച്ചിട്ടുള്ളത്. ഇത് ബ്രഹ്മാവിന്റെ അന്തിമ ജന്മമാണ്. ഏറ്റവുമാദ്യം വിഷ്ണുവായിരുന്നു, പിന്നീട് 84 ജന്മങ്ങൾക്കു ശേഷം ഇദ്ദേഹം ബ്രഹ്മാവായി മാറി. ഞാനാണ് ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവെന്നു വെച്ചത്. എല്ലാവരുടെയും പേര് മാറ്റി കാരണം സന്യാസം ചെയ്തല്ലോ. ശൂദ്രനിൽ നിന്നും ബ്രാഹ്മണനായി അപ്പോൾ പേര് പരിവർത്തനപ്പെട്ടു. ബാബ വളരെ മനോഹരമായ പേരുകളാണ് വെച്ചിരുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, കാണുന്നുണ്ട് വൃക്ഷപതി ഈ രഥത്തിൽ വസിക്കുന്നുണ്ട്. ബാബയുടെയും ദാദയുടെയും അകാലസിംഹാസനമാണ്. ഈ സിംഹാസനത്തെ ബാബ ലോണായി എടുത്തിരിക്കുകയാണ്. ശിവബാബയ്ക്ക് തന്റെതായ സിംഹാസനമില്ലല്ലോ. പറയുന്നു ഞാനും ഈ രഥത്തിൽ വിരാജിതാനായിരിക്കുന്നു, തിരിച്ചറിവ് നൽകുന്നു. ഞാൻ നിങ്ങളുടെ പിതാവാണ്, കേവലം ജനന–മരണത്തിലേക്ക് വരുന്നില്ല. നിങ്ങളാണ് വരുന്നത്. അഥവാ ഞാനും നിങ്ങളെപ്പോലെ ജനന–മരണത്തിലേക്ക് വരുകയാണെങ്കിൽ പിന്നെ ആര് നിങ്ങളെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കി മാറ്റും? ആക്കി മാറ്റുന്ന ആളും ആവശ്യമാണല്ലോ അതുകൊണ്ട് എനിക്കാണ് അതിന്റെ പാർട്ടുള്ളത്. എന്നെ വിളിക്കുന്നതും അതിനു തന്നെയാണ്- അല്ലയോ പതിതപാവനാ വരൂ. നിരാകാരനായ ശിവബാബയെ ആത്മാക്കളാണ് വിളിക്കുന്നത്. കാരണം ആത്മാക്കൾക്കാണ് ദു:ഖം. ഭാരതവാസികളായ ആത്മാക്കൾ പ്രത്യേകിച്ചും വിളിക്കുന്നു വന്ന് ഞങ്ങൾ പതിതരെ പാവനമാക്കൂ. സത്യയുഗത്തിൽ നിങ്ങൾ വളരെയധികം പവിത്രരും സുഖികളുമായിരുന്നു. ഒരിക്കലും വിളിച്ചിരുന്നില്ല. ബാബ സ്വയം പറയുകയാണ്, നിങ്ങളെ സുഖികളാക്കി മാറ്റി ഞാൻ സ്വയം വാനപ്രസ്ഥ അവസ്ഥയിലേക്കു പോകുന്നു. അവിടെ എന്റെ ആവശ്യമില്ല. ഭക്തിമാർഗ്ഗത്തിലാണ് എന്റെ പാർട്ട്, ആദ്യത്തെ അരക്കല്പം എനിക്ക് പാർട്ടില്ല. ഇത് വളരെയധികം സഹജമാണ്. ഇതിൽ ആർക്കും തന്നെ ചോദ്യമുണ്ടാവുകയില്ല. ഇങ്ങനെയൊരു മഹിമയുണ്ട് ദുഃഖത്തിൽ എല്ലാവരും സ്മരിക്കുന്നു സുഖത്തിൽ ആരും തന്നെ സ്മരിക്കുന്നില്ല...സത്യ– ത്രേതായുഗത്തിൽ ഭക്തിമാർഗ്ഗം ഉണ്ടാകുന്നില്ല. അപ്പോൾ ജ്ഞാനമാർഗ്ഗം എന്നും അതിനെ പറയുകയില്ല. ജ്ഞാനം ലഭിക്കുന്നതു തന്നെ സംഗമത്തിലാണ്, ഇതിലൂടെ നിങ്ങൾ 21 ജന്മത്തേക്കുള്ള പ്രാപ്തി നേടുന്നു. നമ്പർവൈസായി പാസ്സാകുന്നു. തോറ്റു പോകുന്നവരും ഉണ്ട്. നിങ്ങളുടെത് യുദ്ധമാണ് നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കറിയാം ബാബ ഏതൊരു രഥത്തിലാണോ വിരാജിതനായിരിക്കുന്നത്, അവർ വിജയിക്കുക തന്നെ ചെയ്യും. പിന്നീട് അനന്യ സന്താനങ്ങൾക്കും വിജയം ലഭിക്കുന്നു. കുമാരക (പ്രകാശ്മണി ദാദി)... തുടങ്ങിയവർക്കെല്ലാവർക്കും തീർച്ചയായും വിജയം ലഭിക്കുന്നു. വളരെയധികം പേരെ തനിക്കു സമാനമാക്കി മാറ്റുന്നു. അപ്പോൾ കുട്ടികൾക്ക് ഈയൊരു കാര്യം ബുദ്ധിയിൽ വെക്കണം ഇത് കുട്ടിക്കരണം മറിയുന്ന കളിയാണ്. ചെറിയ കുട്ടികൾക്കും ഇത് മനസ്സിലാക്കാൻ സാധിക്കുന്നു. അതുകൊണ്ടാണ് ബാബ മനസ്സിലാക്കിത്തരുന്നത് കുട്ടികൾക്കും ഇത് പഠിപ്പിച്ചു കൊടുക്കൂ. അവർക്കും ബാബയിൽ നിന്നും സമ്പത്തെടുക്കാനുള്ള അധികാരമുണ്ട്. കൂടുതൽ കാര്യങ്ങളൊന്നുമില്ലല്ലോ. കുറച്ചെങ്കിലും ഈ ജ്ഞാനം അറിയുന്നതിലൂടെ പോലും ജ്ഞാനത്തിന്റെ വിനാശം സംഭവിക്കുന്നില്ല. സ്വർഗ്ഗത്തിലേക്ക് തീർച്ചയായും വർക തന്നെ ചെയ്യും. എങ്ങനെയാണോ ക്രൈസ്റ്റിലൂടെ സ്ഥാപിക്കപ്പെട്ട ക്രിസ്ത്യൻ ധർമ്മം എത്ര വലുതാണ്. ഈ ദേവീ ദേവതാധർമ്മമാണ് ഏറ്റവും വലുതും ആദ്യത്തേതുമായ ധർമ്മം. ഇത് രണ്ടു യുഗങ്ങളോളമാണ് നിലനിൽക്കുന്നത് അപ്പോൾ തീർച്ചയായും ഇതിന്റെ സംഖ്യ വലുതായിരിക്കണം. എന്നാൽ അവരെ ഹിന്ദുവെന്നു പറഞ്ഞു. 33 കോടി ദേവാത്മാക്കളെന്ന് പറയാറുണ്ട്. പിന്നീട് എന്തുകൊണ്ടാണ് ഹിന്ദുക്കളെന്നു പറയപ്പെട്ടത്. മായ തീർത്തും ബുദ്ധിയെ നശിപ്പിച്ചതുകൊണ്ടാണ് ഈ അവസ്ഥയുണ്ടായത്. ബാബ പറയുന്നു മായയെ വിജയിക്കുക എന്നുള്ളത് കഠിനമായ കാര്യമൊന്നുമല്ല. ഓരോ കല്പവും നിങ്ങൾ വിജയം പ്രാപ്തമാക്കിയിട്ടുണ്ട്. സൈന്യമല്ലേ. ബാബയെ ലഭിച്ചിരിക്കുന്നത് ഈ ദുർവികാരങ്ങളാകുന്ന രാവണനുമേൽ വിജയം പ്രാപ്തമാക്കുന്നതിനാണ്.

നിങ്ങളുടെമേൽ ഇപ്പോൾ ബൃഹസ്പതിയുടെ ദശയാണ്. ഭാരതത്തിനുമേലാണ് ദശ വരുന്നത്. വൃക്ഷപതിയാകുന്ന ശിവബാബ വരുന്നു അപ്പോൾ തീർച്ചയായും ഭാരതത്തിനുമേൽ ബൃഹസ്പതിയുടെ ദശയായിരി

ക്കും. ഇതിൽ സർവ്വതും വരുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമുക്ക് നിരോഗിയായ ശരീരം ലഭിക്കുന്നു. അവിടെ മൃത്യുവിന്റെ പേരോ അടയാളമോ ഉണ്ടായിരിക്കില്ല. അമരലോകമല്ലേ. ഇന്നയാൾ മരിച്ചു എന്ന് അവിടെ പറയുകയില്ല. മരണം എന്ന പേരേയില്ല. ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്ന് എടുക്കുന്നു. ശരീരം എടുക്കുന്നതിലും ഉപേക്ഷിക്കുന്നതിലും അവിടെ സന്തോഷമായിരിക്കും. ദുഃഖത്തിന്റെ പേരില്ല. നിങ്ങളുമേൽ ഇപ്പോൾ ബൃഹസ്പതിയുടെ ദശയാണ്. എല്ലാവർക്കും ബൃഹസ്പതിയുടെ ദശയുണ്ടായിരിക്കുകയില്ല. വിദ്യാലയത്തിലും ചിലർ പാസ്സാകുന്നു ചിലർ തോറ്റു പോകുന്നു. ഇതും പാഠശാലയാണ്. നിങ്ങൾ പറയുന്നു, നമ്മൾ രാജയോഗം പഠിക്കുന്നു. പഠിപ്പിക്കുന്നത് ആരാണ്? പരിധിയില്ലാത്ത പിതാവ്. നിങ്ങൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. ഇതിൽ മറ്റൊരു കാര്യവും തന്നെയില്ല. മുഖ്യമായ കാര്യമാണ് പവിത്രത. എഴുതിവച്ചിട്ടുണ്ട് – അല്ലയോ കുട്ടികളേ! ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. ഇത് ഗീതയുടെ അക്ഷരമാണ്. ഗീതയുടെ എപ്പിസോഡാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതും മനുഷ്യർ കീഴ്മേൽ മറിച്ചു. എന്നാൽ ആട്ടയിൽ ഉപ്പെന്ന പോലെ കുറച്ചു സത്യങ്ങളുണ്ട്. കാര്യങ്ങൾ എത്ര എളുപ്പമാണ്, കുട്ടികൾക്കു പോലും ഇത് മനസ്സിലാക്കാൻ സാധിക്കുന്നു. എന്നിട്ടും എന്തുകൊണ്ടാണ് മറക്കുന്നത്? ഭക്തിമാർഗ്ഗത്തിൽ പോലും പറയാറുണ്ടായിരുന്നു, ബാബാ അങ്ങ് എപ്പോഴാണോ വരുന്നത്, അപ്പോൾ ഞങ്ങൾ അങ്ങയുടേത് മാത്രമായിത്തീരും. മറ്റാരും തന്നെയില്ല. ഞങ്ങൾ അങ്ങയുടേതായി അങ്ങയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടും. ബാബയുടെതായി മാറുന്നതു തന്നെ സമ്പത്ത് നേടുന്നതിനു വേണ്ടിയാണ്. ദത്തെടുക്കപ്പെട്ടിരിക്കുകയാണ്. ബാബയിൽ നിന്നും നമുക്ക് എന്താണ് ലഭിക്കുന്നത് എന്ന് അറിയാം. നിങ്ങളെയും ദത്തെടുത്തിരിക്കുകയാണ്. നമ്മൾ ബാബയിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തി പദവി, പരിധിയില്ലാത്ത സമ്പത്ത് നേടുന്നു എന്ന് അറിയാം. മറ്റൊന്നിലും മമത്വം വയ്ക്കരുത്. ലൗകിക അച്ഛന്റെ പക്കൽ എന്താണുണ്ടാകുക? ഒരു ലക്ഷമോ ഒന്നര ലക്ഷമോ ഉണ്ടാകും. ഈ പരിധിയില്ലാത്ത അച്ഛൻ നിങ്ങൾക്ക് പരിധിയില്ലാത്തതായ സമ്പത്ത് നൽകുന്നു.

നിങ്ങൾ കുട്ടികൾ അരക്കല്പം അസത്യമായ കഥകൾ കേട്ടു വന്നു. ഇപ്പോൾ ഇങ്ങനെയൊരു അച്ഛനെ ഓർമ്മിക്കണം. ശ്രദ്ധയോടെ കേൾക്കണം. ഹം സൊ – എന്നതിന്റെ അർത്ഥവും മനസ്സിലാക്കണം. അവർ ആത്മാവ് തന്നെ പരമാത്മാവെന്നു പറയുന്നു. ഈ 84 ജന്മങ്ങളുടെ കഥയെ ആർക്കും മനസ്സിലാക്കിതരാൻ സാധിക്കില്ല. ഭഗവാനെ പ്രതി പറയുന്നു, പട്ടിയിലും പൂച്ചയിലുമെല്ലാം തന്നെയുണ്ട്. ബാബയുടെ ഗ്ലാനി ചെയ്യുകയല്ലേ. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്, ഇതിൽ ആരുടെയും തന്നെ ദോഷമില്ല. ഡ്രാമ തന്നെ ഇങ്ങനെ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. നിങ്ങളെ ബാബ ജ്ഞാനത്തിലൂടെ ദേവതയാക്കിയാണ് മാറ്റുന്നത്, നിങ്ങൾ ആ ബാബയെ തന്നെ ആക്ഷേപിക്കുന്നു. കുട്ടിക്കരണം മറിയുന്ന കളിയും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഞാൻ വന്ന് നിങ്ങളുടെ ഉപകാരം ചെയ്യുന്നു. അറിയാം നിങ്ങളുടെയും ദോഷമില്ല ഇത് കളിയാണ്. നിങ്ങൾക്ക് കഥ മനസ്സിലാക്കിത്തരുന്നു, ഈ സത്യം സത്യമായ കഥയിലൂടെയാണ് നിങ്ങൾ ദേവതയായിത്തീരുന്നത്. ഭക്തിമാർഗ്ഗത്തിൽ ധാരാളം കഥകൾ ഉണ്ടാക്കിയിട്ടുണ്ട്. ലക്ഷ്യം ഒന്നും തന്നെയില്ല. ഇതിലൂടെയെല്ലാം തന്നെ അധഃപതനമാണ് ഉണ്ടായിട്ടുള്ളത്. എല്ലാ പാഠശാലകളിലും വിദ്യ അഭ്യസിപ്പിക്കുന്നെണ്ടെങ്കിലും അവരുടെ ലക്ഷ്യം ശരീരനിർവ്വഹണമാണ്. പണ്ഢിതന്മാർ അവരുടെ ശരീര നിർവ്വഹണാർത്ഥം കഥ കേൾപ്പിച്ചു കൊടുക്കുന്നു. മനുഷ്യർ അവരുടെ മുന്നിൽ പൈസയെല്ലാം തന്നെ വെച്ചു പോകുന്നു, പക്ഷേ പ്രാപ്തി ഒന്നും തന്നെയില്ല. നിങ്ങൾക്കിപ്പോൾ ജ്ഞാനരത്നങ്ങളാണ് ലഭിക്കുന്നത്. ഇതിലൂടെ നിങ്ങൾ പുതിയ ലോകത്തിന്റെ അധികാരിയായിത്തീരുന്നു. അവിടെ ഓരോ വസ്തുവും പുതിയതാണ്. പുതിയ ലോകത്തിൽ എല്ലാം തന്നെ പുതിയതായിരിക്കും, വജ്രങ്ങളും വൈഢൂര്യങ്ങളുമെല്ലാം തന്നെ പുതിയതായിരിക്കും. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു മറ്റെല്ലാ കാര്യങ്ങളും ഉപേക്ഷിച്ച് കുട്ടിക്കരണം മറിയുന്ന കളിയെ ഓർമ്മിക്കണം. പാവപ്പെട്ട ആളുകളും തീർത്ഥാടനത്തിനു പോയാൽ അവർ കുട്ടിക്കരണം മറിയുന്ന കളി കളിക്കാറുണ്ട്. ചിലർ കാൽനടയായിട്ടും പോകാറുണ്ട്. ഇപ്പോൾ വണ്ടികളും വിമാനവുമെല്ലാം തന്നെ പോകുന്നതിനായി ഉപയോഗിക്കുന്നുണ്ട്. പാവപ്പെട്ടവർക്ക് അതിലൊന്നും പോകാൻ സാധിക്കില്ല. ചിലർ വളരെയധികം ആദരവോടെ ഭക്തിപൂർവ്വം പോവുകയാണെങ്കിൽ കാൽനടയായി പോകാറുണ്ട്. ഓരോ ദിവസം കൂടുന്തോറും ശാസ്ത്രത്തിലൂടെ വളരെയധികം സുഖം ലഭിക്കുന്നു. ഇതെല്ലാം തന്നെ അൽപകാലത്തേക്കുള്ള സുഖമാണ്. താഴേക്കു വീഴുകയാണെങ്കിൽ എത്ര ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നു. ഈ വസ്തുക്കളിലെല്ലാം തന്നെ അൽപകാലത്തേക്കുള്ള സുഖമാണ്. ബാക്കി അവസാനം എല്ലാവർക്കും തന്നെ മരണമാണ്. അവരുടേത് സയൻസാണ്, നിങ്ങളുടേത് സൈലൻസും. ബാബയെ ഓർമ്മിക്കുന്നതിലൂടെ എല്ലാ രോഗവും ഇല്ലാതായിത്തീരുന്നു, നിരോഗിയാകുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, സത്യയുഗത്തിൽ നമ്മൾ സദാ ആരോഗ്യശാലിയായിരുന്നു. ഈ 84 ജന്മത്തിന്റെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ബാബ വന്ന് ഒരേയൊരു തവണയാണ് മനസ്സിലാക്കിത്തരുന്നത് നിങ്ങൾ എന്നെ ആക്ഷേപിച്ചിരുന്നു, സ്വയത്തെ നശിപ്പിക്കുകയും ചെയ്തു. ഭഗവാനെ ആക്ഷേപിച്ച് തന്റെ ബുദ്ധിയെ ശൂദ്ര ബുദ്ധിയാക്കി മാറ്റി. സിക്ക് ധർമ്മത്തിലുള്ളവരും പറയാറുണ്ട്, സാഹേബിനെ ജപിക്കുകയാണെങ്കിൽ സുഖം ലഭിക്കുമെന്ന് അതായത് മന്മനാഭവ. രണ്ടക്ഷരം

മാത്രമേയുള്ളൂ. ബാക്കി കൂടുതലായും തല പുകയ്ക്കേണ്ടതായ കാര്യമില്ല. ഇതും ബാബ വന്ന് മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ബാബയെ ഓർമ്മിക്കുന്നതിലൂടെ 21 ജന്മത്തേക്കുള്ള സുഖം ലഭിക്കുന്നു. മറ്റുള്ളവരും അതിലേക്കുള്ള വഴി പറഞ്ഞു തരുന്നുണ്ട്. പക്ഷേ പൂർണ്ണമായ വഴി ആർക്കും തന്നെ അറിയുന്നില്ല. സ്മരിച്ച്-സ്മരിച്ച് സുഖം പ്രാപിക്കണം. നിങ്ങൾ കുട്ടികൾക്കറിയാം സത്യയുഗത്തിൽ അസുഖത്തിന്റെയോ ദുഃഖത്തിന്റെയോ കാര്യമില്ല. ഇത് സാധാരണമായ കാര്യമാണ്. സത്യയുഗത്തെ സ്വർണ്ണിമയുഗമെന്നു പറയുന്നു. കലിയുഗത്തെ ഇരുമ്പുയുഗമെന്നും പറയുന്നു. സൃഷ്ടി ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. കുട്ടിക്കരണം മറിച്ചിലാണ്, ഇപ്പോൾ നിങ്ങൾ ബ്രാഹ്മണനിൽ നിന്നും ദേവതയായിത്തീരുന്നു. എന്നാൽ നിങ്ങൾ ഈ കാര്യങ്ങൾ മറന്നു പോകുന്നു. കുട്ടിക്കരണം മറിയുന്ന കളി ഓർമ്മയുണ്ടെങ്കിൽ എല്ലാം തന്നെ ഓർമ്മയിലുണ്ടാകുന്നു. ഇങ്ങനെയുള്ള ബാബയെ ഓർമ്മിച്ചു വേണം രാത്രി ഉറങ്ങാൻ. എന്നാലും കുട്ടികൾ പറയുന്നു, ബാബാ മറന്നു പോകുന്നു മായ ഇടയ്ക്കിടെ മറപ്പിക്കുന്നു. നിങ്ങളുടേത് മായയോടൊപ്പമുള്ള യുദ്ധമാണ്. പിന്നീട് നിങ്ങൾ അരക്കല്പത്തോളം മായയുടെ മേൽ രാജ്യം ഭരിക്കുന്നു. കാര്യം വളരെയധികം സഹജമായതാണ് പറയുന്നത്. പേരു തന്നെ സഹജമായ ജ്ഞാനം സഹജയോഗം എന്നാണ്. ബാബയെ ഓർമ്മിക്കണം,മറ്റെന്ത് ബുദ്ധിമുട്ടാണുള്ളത്. ഭക്തിമാർഗ്ഗത്തിൽ തന്നെ നിങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചു. സാക്ഷാത്കാരത്തിനായി കഴുത്ത് മുറിക്കാൻ പോലും നിങ്ങൾ തയ്യാറായിരുന്നു. കാശികൽവട്ട് അനുഭവിക്കുമായിരുന്നു. ആരാണോ നിശ്ചയബുദ്ധിയായി ഓരോ കാര്യങ്ങളും ചെയ്യുന്നത്, അവരുടെ വികർമ്മം നശിക്കുന്നു. വീണ്ടും പുതിയ കർമ്മക്കണക്കുകൾ ആരംഭിക്കുന്നു. ബാക്കി ഇതിലൂടെയും ആരും തന്നെ എന്റെയടുത്തേക്ക് വരുന്നില്ല. ബാബയെ ഓർമ്മിക്കുന്നതിലൂടെയാണ് വികർമ്മം നശിക്കുന്നത്, അല്ലാതെ ജീവഹത്യയിലൂടെയല്ല. എന്റെടുത്തേക്ക് ആരും തന്നെ വരുന്നില്ല. എത്ര സഹജമായ കാര്യമാണ്. ഈ കുട്ടിക്കരണം മറിയുന്ന കളി വൃദ്ധർക്കും ഓർമ്മ വേണം. കുട്ടികൾക്കും ഓർമ്മയിൽ വയ്ക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം!

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. വൃക്ഷപതിയായ ബാബയിൽ നിന്നും സുഖ-ശാന്തി-പവിത്രതയുടെ സമ്പത്ത് നേടുന്നതിനുവേണ്ടി സ്വയത്തെ അകാലമൂർത്തിയായ ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ഈശ്വരീയ ബുദ്ധിയാക്കണം.

2. ബാബയിൽ നിന്നും സത്യമായ കഥ കേട്ട് മറ്റുള്ളവർക്ക് കേൾപ്പിച്ചു കൊടുക്കണം. മായാജീത്തായി മാറുന്നതിനു വേണ്ടി മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം. ബുദ്ധിയിലുണ്ടായിരിക്കണം നമ്മൾ കല്പ-കല്പത്തെ വിജയിയാണ്, ബാബ നമ്മോടൊപ്പമുണ്ട്.

### വരദാനം:- നിർബ്ബലനിൽ നിന്നും ബലവാനായി അസംഭവ്യത്തെപ്പോലും സംഭവ്യമാക്കിമാറ്റുന്ന ധൈര്യശാലി ആത്മാവായി ഭവിക്കട്ടെ.

*''ധൈര്യശാലി കുട്ടികൾക്ക് ബാബ സഹായം''* ഈ വരദാനത്തിന്റെ ആധാരത്തിൽ ധൈര്യത്തിന്റെ ആദ്യത്തെ ദൃഢസങ്കല്പം ചെയ്തു അതായത് നമുക്ക് പവിത്രമാവുക തന്നെ വേണം, അതോടെ ബാബ കോടി മടങ്ങ് സഹായവും നൽകി, അതായത് താങ്കൾ ആത്മാക്കൾ അനാദി-ആദി പവിത്രമാണ്, അനേക തവണ പവിത്രമായിട്ടുണ്ട്, ഇനിയും ആയിക്കൊണ്ടിരിക്കും. അനേക പ്രാവശ്യത്തെ സ്മൃതിയിലൂടെ ശക്തിശാലിയായി. നിർബ്ബലനിൽ നിന്നും ഇത്രയും ബലവാനായിത്തീർന്നു, വെല്ലുവിളിക്കുകയാണ് അതായത് വിശ്വത്തെയും പാവനമാക്കി കാണിക്കുക തന്നെ ചെയ്യും, ഏതിനെയാണോ ഋഷി മുനി മഹാത്മാക്കൾ മനസ്സിലാക്കിയത് അതായത് ഗൃഹസ്ഥത്തിലിരുന്നുകൊണ്ടും പവിത്രമായിരിക്കുക ബുദ്ധിമുട്ടാണ്, അതിനെ താങ്കൾ അതി സഹജമാണെന്ന് പറയുന്നു.

### സ്ലോഗൻ:- ദൃഢസങ്കൽപ്പം ചെയ്യുക തന്നെയാണ് വ്രതമെടുക്കൽ, സത്യമായ ഭക്തർ ഒരിക്കലും വ്രതം മുറിക്കുകയില്ല.